LIBRARY ARCHIVES Kerala Legislative Assembly

മണ്ണെണ്ണ ബങ്ക് അനുവദിക്കൽ

147 (151) ശ്രീ. പി. കെ. ഗുരുദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കൊല്ലം തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) പ്രസ്തുത ബങ്ക് എന്നാരംഭിക്കുമെന്നറിയിക്കാമോ ?

ഉത്തരം

(എ) കൊല്ലം തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം 12-3-2015-ലെ സ.ഉ.(സാധ.) നമ്പർ 169/15/മ.തു.വ. നമ്പർ ഉത്തരവ് പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും മത്സ്യഫെഡിന് പാട്ട വ്യവസ്ഥയിൽ കൈമാറ്റം ചെയ്തിട്ടുണ്ട്. ബങ്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ NOC വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ബങ്ക് നിർമ്മാണത്തിന് നിയമാനുസൃതമായി ആവശ്യമായ NOC ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങളും മറ്റ് നടപടി ക്രമങ്ങളും പൂർത്തിയാക്കി ബങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

കാസർഗോഡ് മത്സ്യബന്ധന ഹാർബറിന്റെയും മത്സ്യമാർക്കറ്റിന്റെയും ഉദ്ഘാടനം

148 (152) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കാസർഗോഡ് മത്സ്യബന്ധന ഹാർബറിന്റെയും മത്സ്യമാർക്കറ്റിന്റെയും ഉദ്ഘാടനം എന്നത്തേക്ക് നടത്താനാവുമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം നീണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഇനിയും ഏതെങ്കിലും പ്രവൃത്തികൾ പൂർത്തിയാക്കേണ്ടതുണ്ടെങ്കിൽ അവ അടിയന്തിരമായി പൂർത്തിയാക്കി തുറന്നുകൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ ഉദ്ഘാടനം 2015 ആഗസ്റ്റ് മാസത്തോടുകൂടി നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന കാസർഗോഡ് മത്സ്യമാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ജൂൺ 20-നകം പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് സജ്ജമാകുന്നതാണ്.